# സംസ്ഥാനബജറ്റ്

കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടുന്ന കേരള സർക്കാർ വരുമാനവർദ്ധനവിന് ഊന്നൽ നല്കിക്കൊണ്ടാണ് 2023-24 ലെ സംസ്ഥാനബജറ്റ് അവതരിപ്പിച്ചത്. 2023-24-ൽ ജി.എസ്.ഡി.പി. 11.32 ലക്ഷം കോടിയിലെത്തുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന് വളരെ പ്രതീക്ഷ നല്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ വരുമാനസമാഹരണമാർഗ്ഗങ്ങൾ പരിമിതമാണെന്നുള്ള വസ്തുത നിലനില്ക്കുമ്പോൾതന്നെ, ഏതാണ്ട് 21000 കോടി രൂപയോളം നികുതി പിരിച്ചെടുക്കാനുണ്ട് എന്നത് (സി & എജി റിപ്പോർട്ട്) ഭരണനിർവഹണത്തിലുള്ള കാര്യക്ഷമതയില്ലായ്മയാണ് സൂചിപ്പിക്കുന്നത്. സർക്കാർവകുപ്പുകളുടെ കാര്യക്ഷമതയും ഉല്പാദനക്ഷമതയും ഗണ്യമായി ഉയർത്തുന്നതിനുവേണ്ടി ചില പദ്ധതികൾക്ക് ഈ ബജറ്റിൽ തുടക്കം കുറിച്ചത് നല്ലതാണ്. റവന്യുസ്രോതസ്സുകളിൽ വൻതോതിലുള്ള വർദ്ധനവ് വരുത്തി സംസ്ഥാനസർക്കാരിന്റെ ധനകാര്യങ്ങളിൽ അച്ചടക്കം കൊണ്ടുവരാൻ ബജറ്റ് ലക്ഷ്യമിടുന്നു എന്നതും സ്വാഗതാർഹമാണ്.

റവന്യൂചെലവുകളുടെ കാര്യത്തിൽ സ്വന്തം വിഭവങ്ങൾ ഉപയോഗിച്ച് സാമ്പത്തികസുസ്ഥിരത ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതേസമയം, സംസ്ഥാനത്തിന്റെ മൊത്തം കടം 4.08 ലക്ഷം കോടിയായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. കുറച്ചുവർഷങ്ങളായുള്ള അതിവേഗത്തിലുള്ള സംസ്ഥാനകടത്തിന്റെ വളർച്ച, സംസ്ഥാനം കടക്കെണിയിലേക്കു നീങ്ങുമോ എന്നുള്ള ആശങ്ക ജനങ്ങളിൽ ഉണ്ടാക്കിയിട്ടുണ്ട്.

കേരളത്തിലെ വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹികക്ഷേമമേഖലകളിൽ പണം ചെലവാക്കുന്നതുകൊണ്ടാണ് സർക്കാരുകൾ കടക്കെണിയിലാകുന്നത് എന്ന തരത്തിലുള്ള പ്രചാരണം അടിസ്ഥാനരഹിതമാണ്. മറിച്ച്, ഇത്തരം ചെലവുകൾകൊണ്ട് ഉല്പാദിപ്പിക്കപ്പെടുന്ന നൈപുണ്യമേറിയ മാനവവിഭവശേഷിയെ ശരിയായ രീതിയിൽ കേരളത്തിനകത്ത് ഉപയോഗിക്കുവാൻ കഴിയുന്നില്ല എന്നതാണ് നമ്മുടെ പ്രധാന പ്രശ്നം. ഇത്തരത്തിൽ പ്രയോജനപ്പെടുത്തണമെങ്കിൽ നമ്മുടെ വ്യാവസായിക-കാർഷികമേഖലകൾ ഈ മാനവശേഷിയെ ഉപയോഗപ്പെടുത്തുന്ന തരത്തിൽ മാറ്റങ്ങൾ കൊണ്ടുവരണം.

വിവിധ ഉല്പന്നങ്ങൾക്കായി കേരളം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുക എന്ന കാഴ്ചപ്പാടിൽ ഇറക്കുമതിബദലുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 'മേക്ക് ഇൻ കേരള' പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ ആഭ്യന്തര ഉല്പാദനവും തൊഴിലവസരങ്ങളും സംരംഭകത്വവും നിക്ഷേപസാധ്യതകളും ഉയർത്തുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഇറക്കുമതിഉല്പന്നങ്ങളുടെ ആഭ്യന്തര ഉല്പാദനം ഉത്തേജിപ്പിക്കുകയാണ് പരിപാടി ലക്ഷ്യമിടുന്നത്. എന്നാൽ ഇത് നമ്മുടെ തൊഴിലന്വേഷകരുടെ നൈപുണ്യശേഷിക്കനുസരിച്ചു സംയോജിപ്പിച്ചില്ലെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും തൊഴിലാളികൾ കേരളത്തിലേക്ക് ഒഴുകുവാൻ ഇടയാക്കുകയും ഫലത്തിൽ നമ്മുടെ തൊഴിലില്ലായ്മാപ്രശ്നം പരിഹരിക്കപ്പെടാതിരിക്കുകയും ചെയ്യും.

വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന് സാധ്യമായ എല്ലാത്തരത്തിലുമുള്ള നികുതി-നികുതിയേതരവരുമാനങ്ങളും ബജറ്റിൽ വർദ്ധിപ്പിച്ചു. പെട്രോൾ-ഡീസൽ വില്ക്കുന്നതിന് ലിറ്ററിന് 2 രൂപ നിരക്കിൽ സാമൂഹികസുരക്ഷാസെസ് ഏർപ്പെടുത്തൽ, മോട്ടോർവാഹനങ്ങളുടെ വിവിധ ഫീസുകൾ, നികുതികൾ, ഭൂമിരജിസ്ട്രേഷൻ, മദ്യത്തിന്റെ നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, ഭൂനികുതി തുടങ്ങിയവയെല്ലാം വർദ്ധിപ്പിച്ചു. എന്നാൽ വരുമാനം വർദ്ധിപ്പിക്കുന്ന നടപടികളുടെ പ്രഖ്യാപനത്തിലൂടെ ബജറ്റ് പ്രതീക്ഷിക്കുന്നത് വെറും 2955 കോടി രൂപയാണ്. പെട്രോളിന്റെയും ഡീസലിന്റെയും സെസ് വർദ്ധിപ്പിക്കുന്നതിലൂടെ അധികനികുതിസമാഹരണമായി 750 കോടി രൂപ മാത്രമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. എന്നിരുന്നാലും ഗതാഗതച്ചെലവുകൾ, ചാർജ്ജുകൾ തുടങ്ങിയവയിലെ വർദ്ധനവു കാരണം ഇത് ആഭ്യന്തരപണപ്പെരുപ്പത്തിൽ വർദ്ധനവിനും കാരണമായേക്കാം.

അനാവശ്യച്ചെലവുകൾ കുറച്ച്, ലക്ഷ്യപ്രാപ്തിയോടെയുള്ള പദ്ധതിനിർവഹണം അത്യാവശ്യമാണ്. അതുപോലെ ധനകാര്യസുസ്ഥിരതയ്ക്കുവേണ്ടി റിസർവ് ബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും നിർദ്ദേശങ്ങൾ അനുസരിച്ചു മുമ്പോട്ടു പോകുന്നത് സംസ്ഥാനം കടക്കെണിയിൽ വീഴാതിരിക്കാൻ സഹായിക്കും. രാഷ്ട്രീയവ്യത്യാസങ്ങൾ മറന്ന് സംസ്ഥാനവും കേന്ദ്രവും ഒരുമിച്ചുനിന്ന് പുതിയ വെല്ലുവിളികളെ നേരിടേണ്ടത് അനിവാര്യമാണ്.